Mr. President: Mr. Chirayath was a member of this Council for a short time and during this short period of his member-ship he proved himself to be a very useful and active member. Those of us who knew him must have been struck by the great I mean, by the unbounded energy which he possessed, the dogged perseverance which he had in any matter that he undertook and more than all that his great powers of endurance. Sometimes I myself have been struck by the hard manner in which he worked. On one occasion I found it necessary to advise him not to neglect his health so much I recall that incident, namely, when I was lodging in a certain building of his, I found him actrually vomitting blood. I thought it was something very serions. After such an attack nobody would even dare to get out. But I found Mr. Chirayath soon after that taking an umbrella and coolly getting out. On that occasion, I told him not to neglect his health to that extent. Any way I mentioned this just to show the wonderful endurance he had and how hard he worked for any cause which he undertook. His services for the public well-being of Cochin are well-known and have been mentioned here by Hon'ble Members. I associate myself with all the sentiments expressed here and let us all pray for the repose of the departed soul.

Hon'ble Members will please stand up in their seats and observe silence for two minutes.

The motion was passed all the members standing and observing silence as a mark of respect to the deceased.

(2) On the demise of Mr. T. C. Iyyukutty

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഞാൻ അവതരിപ്പിക്കുവാൻ പോകുന്ന പ്രമേയം ഇതാണ് "*This Council places on record its deep sense of sorrow on the sad and untimely demise of Sree T. C. Iyyakutty, B. A. who was for some time an elected member of this house.*" ഈ പ്രമേയം ഈ നിയമസഭയിൽ അവതരിപ്പിക്കുന്നതിനായി കൊണ്ടുവന്നതിൽ ഒരുപക്ഷെ ഞാൻ ഒരു കയ്യേറ്റം ചെയ്തിട്ടില്ലേയെന്നു് സംശയിക്കുന്നു. തലപ്പിള്ളി താലൂക്കിലെ ഒരു നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായിട്ടു ഈ നിയമസഭയിൽ മൂന്നു കൊല്ലകാലത്തോളം പ്രവൃത്തിയെടുത്തിട്ടുള്ള പരേതന്റെ നിയോജകമണ്ഡലം എന്റെ നിയോജകമണ്ഡലത്തോടാം കുറെക്കൂടി അടുത്തു കിടക്കുന്ന കുന്നംകുളം നിയോജകമണ്ഡലത്തിനു തൊട്ടതാകയാൽ ഈ പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അവകാശം കുന്നംകുളം മെമ്പർക്കു് വിട്ടുകൊടുക്കേണ്ടതായിരുന്നെന്നു് എനിക്കിപ്പോൾ തോന്നുന്നുണ്ടു്. പക്ഷെ, കുന്നംകുളവും, പഴഞ്ഞിയും വളരെ അടുത്താണെങ്കിലും, നിയമസഭയിൽ പ്രവേശിച്ചതു മുതൽ ഏതു നിമിഷത്തിലും വളരെ അടുപ്പത്തോടുകൂടി കഴിഞ്ഞുകൂടിയിരുന്ന എന്റെ ഒരു സ്നേഹിതനാണു് പരേതൻ. അതുകൊണ്ടാണു് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചതു്. ഈ കാര്യത്തിൽ ശ്രീമാൻ ഐപ്പു് എനിക്കു മാപ്പുതരുമെന്നു് വിശ്വസിക്കുന്നു.

തകലത്തു് ചുമ്മാരുകുട്ടി, ഇയ്യുക്കുട്ടി എന്നാണു് അദ്ദേഹത്തിന്റെ മുഴുവൻ പേരെങ്കിലും ടി. സി. ഇയ്യുക്കുട്ടിയെന്നാണു് പറഞ്ഞുവരാറുള്ളതു്. [illegible] നടന്ന തിരഞ്ഞെടുപ്പിൽ, ആ തിരഞ്ഞെടുപ്പിൽമാത്രം ഉണ്ടായിരിന്നതായ പഴഞ്ഞി നിയോജകമണ്ഡലത്തിലെ ഒരു പ്രതിനിധിയായിട്ടാണു് അദ്ദേഹം ഇവിടെ വന്നതു്. അതിനു മുമ്പു് പഴഞ്ഞി നിയോജകമണ്ഡലമില്ല. അദ്ദേഹം [illegible] മിഥുനം [illegible]-ാംനു- യാണു് ഈ നിയമസഭയിൽ ആദ്യമായി ഹാജരായി സത്യപ്രതിജ്ഞ ചെയ്തതു്. മൂന്നു കൊല്ലത്തെ ആ നിയമസഭയുടെ കാലാവധിക്കുശേഷം [illegible] മീനം [illegible]-ാംനു- യോടുകൂടി അദ്ദേഹത്തിന്റെ നിയമസഭാ സാമാജികത്വം അവസാനിക്കുകയും ചെയ്തു. അതിനുശേഷം പഴഞ്ഞി നിയോജകമണ്ഡലം ഉണ്ടായിട്ടില്ല. അതു് തുടർന്നിരുന്നുവെങ്കിൽ ശ്രീമാൻ ഇയ്യുക്കുട്ടി ഏകദേശം വരെ നീണ്ടുനിന്ന പിന്നത്തെ നിയമസഭയിലും ഒരംഗം അകമായിരുന്നു. അദ്ദേഹവും അവിടെയുള്ള ജനങ്ങളുമായിട്ടുള്ള പെരുമാറ്റം അങ്ങിനെയായിരുന്നു. ഇനി പഴഞ്ഞി നിയോജകമണ്ഡലം തുടരുകയാണെങ്കിൽ—തുടരുമെന്നതു തീർച്ചയാണു്—ആ അവസരത്തിൽ മിസ്റ്റർ ഇയ്യുക്കുട്ടി മരിച്ചിട്ടില്ലെങ്കിൽ ആ പുതിയ പഴഞ്ഞി നിയോജക മണ്ഡലത്തിലെ അംഗമായിട്ടു് അദ്ദേഹം വരുമായിരുന്നുവെന്നു് എനിക്കു വിശ്വാസമുണ്ടു്. പക്ഷെ, ദൈവം അതിനു് സംഗതി വരുത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമാൻ ഇയ്യക്കുട്ടി അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരുടെ പ്രഥമ പുത്രനായിരുന്നു. അദ്ദേഹം വിദ്യാഭ്യാസംചെയ്ത് ബി. എ. ബിരുദം വാങ്ങി. സാധാരണ ബി. എ. ക്കാർക്ക് പറ്റാവുന്നതുള്ള അബദ്ധം അദ്ദേഹത്തിനു പറ്റീട്ടില്ല. യാതൊരു ശവമ്മെണ്ടു മേലധ്യക്ഷന്മാരുടെയും വാതുക്കൽചെന്നു് അദ്ദേഹം ഉദ്യോഗത്തിനു് അപേക്ഷിച്ചിട്ടില്ല. ആ കാര്യത്തിൽ തീർച്ചയായിട്ടും ശ്രീമാൻ ഇയ്യക്കുട്ടി വളരെ വ്യക്തിമാഹാത്മ്യമുള്ള ഒരാളാണു്. അദ്ദേഹം ഒരു സമുദായസേവകനായിരുന്നു. അല്ലെങ്കിൽ പഴഞ്ഞി നിയോജകമണ്ഡലത്തിൽനിന്നു് ഒരു പ്രതിനിധിയായിട്ടു ഈ കൗൺസിലിൽ വരുവാൻ അദ്ദേഹത്തിനു സാദ്ധ്യമല്ല. എനിക്കു് ആ നിയോജകമണ്ഡലത്തെപ്പറ്റി നല്ലപോലെ അറിയാം. ആ നിയോജകമണ്ഡലത്തിൽ നിന്നും ഒരു സാമാജികനായിട്ടു് ഈ നിയമസഭയിലേക്കു് വരണമെന്നു വെച്ചാൽ വളരെ അധികം സമുദായസേവനം ചെയ്തിട്ടുള്ള ഒരാൾക്കു് മാത്രമെ സാധിക്കുകയുള്ളൂ. അങ്ങിനെയുള്ള ഒരു വ്യക്തിമാഹാത്മ്യം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം നല്ലൊരു ബാങ്കറായിരുന്നു. അതിനു വേണ്ടതായ നൈപുണ്യം അദ്ദേഹം നേടീട്ടുണ്ടായിരുന്നു. വിശേഷാൽ അദ്ദേഹത്തിന്റെ പിതാവു് തുടങ്ങിയ സ്കൂൾ, മകനായിട്ടു തുടർന്നുകൊണ്ടു പോന്നു. സാമാന്യേന ആ പ്രദേശത്തെ ജനങ്ങൾക്കു് ആവശ്യമുള്ള കാര്യങ്ങളിൽ അദ്ദേഹം പ്രവൃത്തിച്ചിരുന്നുവെന്നുമാത്രമല്ല; തലപ്പിള്ളി താലൂക്കിനു് ആകമാനം ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങളിൽ ശ്രീമാൻ ഇയ്യക്കുട്ടി പ്രധാന പങ്കു വഹിച്ചിട്ടുണ്ടു്. അതു വളരെ ശക്തിയോടും, ശ്രേഷ്ഠിയോടുംകൂടി അദ്ദേഹം നിർവ്വഹിച്ചിട്ടുമുണ്ടു്. അതിനൊരുദാഹരണമായി എനിയ്ക്കു തോന്നുന്നതു് അദ്ദേഹത്തിന്റെ മരണത്തിന്റെ ഏറ്റവും ദിവസം മുമ്പാണെന്നു തോന്നുന്നു, ഞാൻ പ്രസിഡണ്ടായ തലപ്പിള്ളി താലൂക്കു് ഫുഡ് അഡ്വൈസറി കമ്മിറ്റിയിലെ ഒരു അംഗമായ അദ്ദേഹം അന്നത്തെ യോഗത്തിൽ ചെയ്ത നിവേദനത്തെപ്പറ്റി ഓർക്കുമ്പോൾ, അദ്ദേഹത്തിന്റെ സമുദായസേവനത്തെപ്പറ്റിയും, കാര്യപ്രാപ്തിയെപ്പറ്റിയും എനിയ്ക്കു വലിയ ബഹുമാനം തോന്നുന്നുണ്ടു്. അതിനുശേഷം പിന്നീടുകൂടിയ യോഗത്തിൽ അദ്ദേഹത്തിനു ഹാജരാകാൻ യോഗമുണ്ടായില്ല. ഡിസമ്പർ ൨൭-ാംതീയതിയാണു് അദ്ദേഹം പരലോകപ്രാപ്തനായതു്. അദ്ദേഹത്തിന്റെ മകൻ B. A. പാസ്സായിട്ടു ബനാറീസിൽ വായിക്കുകയായിരുന്നു. അദ്ദേഹം അച്ഛന്റെ സ്ഥാനം കയ്യേൽക്കാൻ നാട്ടിൽ വന്നിരിക്കുന്നു. അതിനുമുമ്പേ അദ്ദേഹം പ്രാപ്തനാണെന്നാണെന്റെ അറിവു്. പരേതന്റെ ആത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയല്ലാതെ അദ്ദേഹത്തിനുവേണ്ടി മറ്റൊന്നും നമുക്കു ചെയ്യേണ്ടതുണ്ടെന്നു തോന്നുന്നില്ല. ഞാൻ ഈ പ്രമേയം സഭമുമ്പാകെ വെച്ചുകൊള്ളുന്നു.

മിസ്റ്റർ എം. കെ. രാജ: സർ, ശ്രീമാൻ ടി. സി. ഇയ്യക്കുട്ടിയുടെ അകാലചരമം അദ്ദേഹവുമായി അടുത്തിടപഴകുവാൻ സാധിച്ചിട്ടുള്ള എല്ലാവരേയും അത്യന്തം ദുഃഖത്തിലാഴ്ത്തിയ വ്യസനകരമായ ഒരു സംഭവമാണു്. ഒരു സുഹൃത്തു് എന്ന നിലയിലും പൊതുജനസമ്മതനായ എന്റെ ഒരു അയൽപക്കക്കാരൻ എന്ന നിലയിലും അദ്ദേഹത്തിന്റെ സ്മരണയോടുള്ള ഉപചാര സൂചകമായി എന്റെ മാന്യസ്നേഹിതൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള അനുശോചന പ്രമേയത്തോടു യോജിക്കുവാനും, അതുമായി ബന്ധപ്പെടുവാനും ഇടവന്നതിൽ എനിയ്ക്കു ചാരിതാർത്ഥ്യമുണ്ടു്. ഈ പ്രമേയത്തിന്റെ അവതാരകൻ പ്രകടിപ്പിച്ച ആശയങ്ങളോടു ഞാൻ യോജിക്കുന്നു.

അന്നു ഒരു പ്രത്യേക നിയോജകമണ്ഡലമായിരുന്ന പഴഞ്ഞി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചുകൊണ്ടു ശ്രീമാൻ ടി. സി. ഇയ്യക്കുട്ടി നമ്മോടു കൊല്ലത്തോളം ഈ നിയമസഭയിൽ പ്രവർത്തനം നടത്തിയിട്ടുണ്ടു്. ഒരു പാർലിമെന്റേറിയൻ എന്ന നിലയിൽ അദ്ദേഹം അസൂയാർഹമായ പ്രശസ്തി ആർജ്ജിച്ചിരുന്നു് എന്നു അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കൾപോലും അവകാശപ്പെടുകയില്ലായിരിക്കാം. ഒരു വിദഗ്ദ്ധപ്രാസംഗികൻ എന്ന നിലയിലോ ഒരു പൊതുകാര്യവിചക്ഷണൻ എന്ന നിലയിലോ ഒരു കൌൺസിലിർ എന്ന നിലയിലൊ അദ്ദേഹം വലിയ വിജയംനേടിയിരുന്നില്ലെന്നു ഞാൻ സമ്മതിക്കുന്നു. എങ്കിൽക്കൂടിയും അദ്ദേഹവുമായി ഇടപഴകാൻ ഇടവന്നിട്ടുള്ള എല്ലാവരേയും ആകർഷിക്കുകയും സ്നേഹിപ്പിക്കുകയും ചെയ്തിരുന്ന ഒരു വിശിഷ്ടവ്യക്തിഗുണം അദ്ദേഹത്തിനുണ്ടായിരുന്നു. അതായതു സഹൃദയത്വം. ഈ ഗുണവിശേഷം അദ്ദേഹത്തെ പൊതുജനങ്ങളുടെ ഇടയിൽ ബഹുമാന്യനായ ഒരു വ്യക്തിയാക്കിത്തീർത്തിരിക്കുന്നു.

ശ്രീമാൻ എഴത്തച്ഛൻ സൂചിപ്പിച്ചതുപോലെ, അന്നത്തെ തിരഞ്ഞെടുപ്പിൽ അദ്ദേഹത്തിനുണ്ടായിരുന്ന പൊതുജനസമ്മതി വേണ്ടിടത്തോളം വ്യക്തമായിട്ടുണ്ടു്. എന്നെ സം

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Raja]
ബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അദ്ദേഹത്തിന്റെ അവിചാരിതമായ ദേഹവിയോഗം എത്രയും വേദനാജനകവും, അപ്രതീക്ഷിതവുമായ ഒന്നായിരുന്നു. അതിന്റെ തലേദിവസം മാത്രമാണ് അദ്ദേഹത്തിന്റെ പട്ടണമായ പഴഞ്ഞിയിൽ അദ്ദേഹത്തിന്റെ സ്വന്തം വസതിയുടെ മുമ്പിൽവെച്ച് എന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു പൊതുയോഗത്തിൽ അദ്ദേഹം സംബന്ധിക്കയുണ്ടായതു്. അതിനുശേഷം ഏറ്റവും സൌഹാർദ്ദമായനിലയിൽ ഞങ്ങൾ തമ്മിൽ സംഭാഷണം നടത്തുകയുണ്ടായി. സംഭാഷണത്തിന്നിടയിൽ താൻ ഒരിക്കൽ ഉപേക്ഷിച്ചുപോയ രാഷ്ട്രീയ രംഗത്തിലേക്കു തിരിച്ചുവരുവാനുള്ള ആശ അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. പക്ഷേ ദൌർഭാഗ്യകരമെന്നേ പറയാനുള്ളൂ, അദ്ദേഹത്തിന്റെ ആ ആശ നിറവേറുന്നതിനു മുമ്പുതന്നെ അദ്ദേഹത്തെ ഭഗവാൻ മറ്റൊരു രംഗത്തിലേയ്ക്കു മടക്കിവിളിക്കുകയാണു് ചെയ്തതു്.

എന്തായാലും അദ്ദേഹത്തിന്റെ നിസ്വാർത്ഥമൂലം അദ്ദേഹത്തിന്റെ സ്വന്തം നാട്ടിലെ പൊതുജീവിതത്തിനു വന്നിട്ടുള്ള നഷ്ടത്തെ ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കയും, അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്തുകൊണ്ടു് ഈ പ്രമേയത്തെ പിന്താങ്ങുന്നു.

Mr. Paramel Ipe Ipe *(Kunnamkulam)*: I too wish to associate myself with the sentiments given expression to by the previous speakers. The enthusiasm evinced by my friend Mr. P. Kumaran Ezhuthassan on the demise of Mr. T. C. Iyyukkutty proves his sterling qualities. The facts are too well known to my friend. His death was so sudden and untimely that when I heard the news it gave me a rude shock. Regarding his manifold activites both social and political and even in the business life, are indisputable and his death has created a void so severe that it cannot be filled up. The more important fact that impresses me is his unassumable simplicity. I believe any one who has come in contact with Mr. T. C. Iyyukutty would not have failed to observe his unassumable simplicity and bountous character. When the heart is full words are few and I pray that his soul may rest in peace.

Mr. Parambi Lonappen *(Minister for Revenue)*: Sir, on behalf of the Government I wish to associate myself with all the sentiments given expression to on the flour of this House about Mr. T. C. Iyyukutty. I do not know much about his work in Council. I had only a very short acqaintance with him. I had heard very good reports about his character and his desire to do public service. It was really a very great shock when I heard the news of his demise. May his soul rest in peace.

Mr. President: I also associate myself with the sentiments expressed by the Hon'ble Members af this House on the demise of Mr. T. C. Iyyakkutty and I comment the motion for the acceptance of the House, all the Members standing in their seats and observing silence for a minute.

The motion was passed all the Members standing and observing silence for a minute as mark of respect to the deceased.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: സർ, ഈ പ്രമേയം പരേതന്റെ മകനു അയച്ചു കൊടുക്കുവാൻ ഞാൻ അങ്ങയോടു അപേക്ഷിക്കുന്നു.

Mr. President: Yes, that may be done.

5. RESOLUTION FOR THE REMOVAL OF THE DEPUTY PRESIDENT

Mr. P Kumaran Ezhuthassan *(Vadakkancheri)*: The resolution that stands in my name is this. *"This Council do resolve that under section 19 (2) of the Government of Cochin Act, Act XX of 1113, M. R. Ry. P. K. Dewer Avl., the Deputy President of the Cochin Legislative Council, be removed from his Office as the incumbent of the Office is seen to be indulging in activities inconsistent with the high office to which this Council had raised him".*

Mr. K. Ayyappan *(Ezhuvas-Kannayannur)*: Is the Hon'ble Member moving the motion?

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I am not going to say that. I pray that that question need not put to me.

Mr. P. Govinda Menon *(Ernakulam)*: I think the Chair must ascertain whether he has the leave of the House to move the motion.

LIBRARY ARCHIVES Kerala Legislative Assembly